(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന നിവേദനത്തിനുമേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഈ സ്ഥലം റയിൽവേയുടെ വകയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രകാരം ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)&(ഡി) ഇപ്രകാരമൊരാവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങളൊന്നും ഇപ്പോൾ റവന്യു വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ സ്ഥലം റയിൽവെയുടെ വകയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

80 (604) കുളത്തൂർ എസ്റ്റേറ്റിൽനിന്നും ഭൂമി അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മുതുകാട് എസ്റ്റേറ്റിൽ സർക്കാർ ഏറ്റെടുത്ത കുളത്തൂർ എസ്റ്റേറ്റിൽനിന്നും ഭൂമി അനുവദിക്കുന്നതു സംബന്ധിച്ച് കോഴിക്കോട് ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി പെരുവണ്ണാമൂഴി സെക്രട്ടറിയുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) കൊയിലാണ്ടി തഹസിൽദാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

81 (605) കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്ന നടപടി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്നത് തടഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൊതുവേയും അപ്പർ കുട്ടനാട്ടിൽ പലയിടത്തും നിലം വ്യാപകമായ തോതിൽ പാട്ടത്തിന് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിയിടങ്ങൾ പാട്ടത്തിന് നൽകുന്നത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly